ശങ്ങൾ നിയന്ത്രിച്ച സാഹചര്യത്തിൽ ഇനി മുതൽ മന്ത്രിമാർ എക്സിക്യൂസ് പറയാൻ പാടില്ല. ചോദിക്കുന്ന ചോദ്യങ്ങൾക്ക് അന്നു തന്നെ ഉത്തരം നൽകേണ്ടതാണ്. ചില അപൂർവ്വം സാഹചര്യങ്ങളിൽ എന്തെങ്കിലുമൊരു വീഴ്ചയുണ്ടെങ്കിൽ അതു ഞങ്ങൾക്കു മനസ്സിലാക്കാം. എന്നെങ്കിലും ഉത്തരം നൽകിയാൽ പോരാ. യഥാസമയം ഉത്തരം നൽകുക തന്നെ വേണം. ഡിമാന്റ് ചർച്ച കഴിഞ്ഞതിനുശേഷം ഉത്തരം നൽകുന്ന സമ്പ്രദായം ഇനി ഒരിക്കലും ആവർത്തിക്കുവാൻ പാടില്ല എന്നാണ് എനിക്ക് പറയാനുള്ളത്. അക്കാര്യത്തിൽകൂടി അങ്ങയുടെ ഭാഗത്തുനിന്ന് കർശനമായ നിയന്ത്രണമുണ്ടാകണം. മന്ത്രിമാരോടും അങ്ങിതു ആവശ്യപ്പെടണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ : അങ്ങിവിടെ ഉന്നയിച്ച കാര്യമുൾപ്പെടെയാണ് ഞങ്ങൾ പരിശോധിച്ചത്. ചോദ്യത്തിൽ വരുത്തിയ നിയന്ത്രണമെന്നു പറഞ്ഞാൽ വളരെ കാര്യമായി ആലോചിച്ച് തീരുമാനിച്ച ഒരു വിഷയമാണ്. ഇന്ത്യയിലെ പാർലമെന്റുൾപ്പെടെ, ഏറ്റവും കൂടുതൽ അംഗസംഖ്യയുള്ള യു.പി. നിയമസഭയിലുൾപ്പെടെ അഞ്ചു ചോദ്യങ്ങളായി ചോദ്യങ്ങൾ പരിമിതപ്പെടുത്തുമ്പോൾ നാം അൺലിമിറ്റഡായി ചോദ്യങ്ങൾ ചോദിക്കുന്നത് ശരിയാണോ?

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : പാർലമെന്റിൽ യാതൊരു നിയന്ത്രണവുമില്ല.

## X. റൂളിംഗ്

മി. സ്പീക്കർ : ഞാൻ മനസ്സിലാക്കിയതു പിശകാണെങ്കിൽ തിരുത്താം. പക്ഷേ പാർലമെന്റിൽ 225 ചോദ്യങ്ങളായി നിജപ്പെടുത്തിയിട്ടുണ്ട്. അങ്ങ് പറഞ്ഞത് ശരിയാണ്. പക്ഷേ പാർലമെന്റിൽ ഈ ടൈപ്പ് ചോദ്യമല്ല. മന്ത്രിമാർ നേരിട്ടു നൽകുന്ന മറുപടിയല്ലാതെ ഡിപ്പാർട്ടുമെന്റ് ഹെഡ്ഡിനോട്, അല്ലെങ്കിൽ അതിന്റെ ചീഫ് എക്സിക്യൂട്ടീവിനോട് നേരിട്ടു ചോദിക്കാൻ കഴിയുന്ന ഒരു സിസ്റ്റം പാർലമെന്റിനുണ്ട്. പാർലമെന്റിൽ അസംബ്ലി പാറ്റേണിൽ ചോദിക്കാൻ കഴിയുന്ന ചോദ്യങ്ങളുടെ എണ്ണം 225 ആയി നിജപ്പെടുത്തിയിട്ടുണ്ട്. അവിടെ നിന്നും ഔദ്യോഗികമായി ലഭിച്ച വിവരങ്ങൾ വച്ചു പറയുകയാണ്. 425 അംഗസംഖ്യയുള്ള യു.പി.യിൽ ഒരംഗത്തിന് 5 ചോദ്യം മാത്രമേ ചോദിക്കാൻ പാടുള്ളൂ. ചോദ്യങ്ങൾ ചോദിക്കാനുള്ള അവകാശം തീർച്ചയായും അംഗങ്ങൾക്കുണ്ട്. അനിയന്ത്രിതമായി ചോദ്യങ്ങൾ ചോദിക്കുന്നതു നിരുത്സാഹപ്പെടുത്തിയത് അംഗങ്ങളെ നിയന്ത്രിക്കാൻ വേണ്ടിയല്ല ഉള്ള ചോദ്യങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ടിയാണ്. ഒരു ചെറിയ ഉദാഹരണം പറയാം. എം. ജി. റോഡിൽക്കൂടി 1997-ൽ എത്രയാളുകൾ സഞ്ചരിച്ചു? ഇത്തരത്തിലുള്ള ചോദ്യങ്ങളുടെ ആവശ്യമുണ്ടോ? ഒരു ചോദ്യത്തിന് ഉത്തരം ലഭിക്കാൻ ലക്ഷക്കണക്കിന് രൂപ ഖജനാവിൽ നിന്ന് ചെലവാക്കേണ്ടി വരുന്നുണ്ട്. അതെല്ലാംപരിശോധിച്ചുകൊണ്ട്, സ്റ്റേറ്റിന്റെ താല്പര്യവും മെമ്പർമാരുടെ അവകാശവും സംരക്ഷിച്ചുകൊണ്ട് ചോദ്യങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ടി അങ്ങു പറഞ്ഞതുപോലെ ഒരു വിട്ടുവീഴ്ചയുമില്ലാതെ കൃത്യമായി ഉത്തരം നൽകുക, അതു ഉറപ്പു വരുത്തുന്നതിനാവശ്യമായ സംവിധാനങ്ങൾ ചെയ്യാൻ എല്ലാവരും തയ്യാറാകണം. ഒരു അനുഭവകഥ പറയാം. അഞ്ചുവർഷക്കാലം നിൽക്കുന്ന ഒരു അസംബ്ലിയിൽ അഞ്ചു വർഷവും ചില ചോദ്യങ്ങൾക്ക് ഉത്തരം കിട്ടാത്ത അവസ്ഥയുണ്ട്. ചില ചോദ്യങ്ങൾക്ക് വിവരം ശേഖരിച്ചുവരുന്നുവെന്നുള്ളത് ഒരു സ്ഥിരം പല്ലവിയായിട്ടുണ്ട്. ചില കാര്യങ്ങളിൽ വിവരം

LIBRARY ARCHIVES Kerala Legislative Assembly

ശേഖരിക്കേണ്ടി വരും. ചില കാര്യങ്ങളിൽ 12 ദിവസത്തെ നോട്ടീസനുസരിച്ച് വിവരം ശേഖരിക്കേണ്ടിവരും. അങ്ങനെ വന്നു കഴിഞ്ഞാൽ തീർച്ചയായും അതിനു സാവകാശം കൊടുക്കാം. അതിനൊരു ലിമിറ്റഡ് ടൈം മതി. അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകേണ്ട കാര്യമില്ല. ഇതിനൊരു ചിട്ടവട്ടമുണ്ടാക്കണം. റൂൾ അനുസരിച്ചല്ല കാര്യങ്ങൾ നടക്കുന്നത്. ഇതിനൊരു റൂളുമില്ല, ഒന്നുമില്ല. അതിനുവേണ്ടി നല്ലൊരു ഹെൽത്ത് ഡിസ്ക്കഷൻ ആവശ്യമാണ്. അതാണിവിടെ നടന്നത്. പ്രതിപക്ഷനേതാവ് ആ സ്പിരിറ്റിലാണ് അതിൽ പങ്കെടുത്തതെന്നു ഞാൻ കരുതുന്നു. അതാതു ദിവസങ്ങളിൽ മറുപടി കിട്ടുക എന്ന കാര്യത്തിലും ഉറപ്പു വരുത്തണം. മുഖ്യമന്ത്രിയുൾപ്പെടെ സഭാനേതാവ്, മന്ത്രിമാർ എല്ലാവരും അക്കാര്യത്തിൽ പൂർണ്ണമായ സഹകരണം പ്രകടിപ്പിക്കണം. ഇത്രയുമാണ് ചെയറിന് അതു സംബന്ധിച്ച് പറയാനുള്ളത്. ഇതൊരു നീണ്ട സെഷനായതുകൊണ്ട് ഒരാഴ്ച കഴിഞ്ഞ് ഇക്കാര്യം ഒന്നുകൂടി പരിശോധിക്കാം.

# XI. ധനകാര്യം

## 1998-99 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXII – നഗരവികസനം 114,93,71,000 രൂപ

ധനാഭ്യർത്ഥന നമ്പർ XXXV – പഞ്ചായത്ത് 571,03,79,000 രൂപ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1998-99 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 1998-99 | | | | |
|---|---|---|---|---|---|---|
| | | 30.3.1998-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ രൂപ | മൂലധനം രൂപ | റവന്യൂ രൂപ | മൂലധനം രൂപ | ആകെ രൂപ |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XXII | നഗരവികസനം | 52,58,53,000 | 4,88,33,000 | 1,05,17,04,000 | 9,76,67,000 | 1,14,93,71,000 |
| XXXV | പഞ്ചായത്ത് | 2,85,18,56,000 | 33,33,000 | 5,70,37,12,000 | 66,67,000 | 5,71,03,79,000 |

LIBRARY ARCHIVES Kerala Legislative Assembly